**വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
**(ഹാജർ: ജാഫർ മാലിക് IAS)**

തിരുവനന്തപുരം
ഉത്തരവ് നം.ICDS/A6/ 7116/18 തീയതി: 28.07.2018

---

വിഷയം: വനിതാ ശിശു വികസന വകുപ്പ് - സൈക്കോ സോഷ്യൽ സർവ്വീസ് - 2018-19 - **ശ്രീമതി** സിതാര എം.ആർ സ്കൂൾ കൗൺസിലർക്ക് ഹോണറേറിയം **അനുവദിച്ച് ഉത്തരവ്** പുറപ്പെടുവിക്കുന്നു.

പരാമർശം: **തിരൂർ അഡീഷണൽ** സിഡിപിഒയുടെ 11.07.2018ലെ 110/2018 നമ്പർ കത്ത്

സൈക്കോ സോഷ്യൽ പദ്ധതിയുടെ കീഴിൽ തിരൂർ ഐസിഡിഎസിൽ സ്കൂൾ കൗൺസിലറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സിതാര എം.ആർനെ തിരൂർ അഡീഷണൽ ICDS ലേയ്ക്ക് സ്ഥലംമാറ്റി നിയമിച്ചുവെന്നും, ശ്രീമതി സിതാര എം.ആർ-ന് 2018 ജൂൺ മുതൽ 2019 ഫെബ്രുവരി വരെ ഹോണറേറിയം നൽകുന്നതിന് 1,77,750/- (ഒരു ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) അനുവദിക്കണമെന്നും തിരൂർ അഡീഷണൽ സിഡിപിഒ പരാമർശം പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

തിരൂർ അഡീഷണൽ സിഡിപിഒയുടെ അപേക്ഷ വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സിതാര എം.ആർ-ന് ഹോണറേറിയം നൽകുന്നതിനായി 1,77,750/- (ഒരു ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മലപ്പുറം ജില്ലാ പ്രോഗ്രാം ഓഫീസർ പ്രസ്തുത തുക തിരൂർ അഡീഷണൽ സിഡിപിഒയ്ക്ക് അനുവദിച്ച് നൽകേണ്ടതും, തിരൂർ അഡീഷണൽ സിഡിപിഒ ശ്രീമതി. സിതാര എം. ആറിന് ഹോണറേറിയം ബാങ്ക് അക്കൗണ്ട് മുഖാന്തിരം വിതരണം ചെയ്യേണ്ടതും ആയതിന്റെ അക്വിറ്റൻസ് രസീത് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

ഇതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-62(01)പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

**ഒപ്പ്**
**വനിത ശിശുവികസന ഡയറക്ടർ**

ശിശുവികസന പദ്ധതി ഓഫീസർ,
തിരൂർ അഡീഷണൽ

**പകർപ്പ്:**

1. പ്രോഗ്രാം ഓഫീസർ, മലപ്പുറം
2. സൂപ്രണ്ട്, എ സെക്ഷൻ, പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ/ സ്പെയർ.

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

SK/18